## അടിയന്തരപ്രമേയം

### സൂര്യനെല്ലി കേസ്സിൽ തുടരന്വേഷണം

മി. സ്പീക്കർ: സൂര്യനെല്ലി കേസ്സിലെ പ്രതികളെ വെറുതെവിട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി റദ്ദാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രഖ്യാപിക്കുകയും ശ്രീ. പി. ജെ. കുര്യനെതിരെ തുടരന്വേഷണം വേണമെന്ന് പെൺകുട്ടിയുടെ ആവശ്യം നിഷേധിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാർത്താ സമ്മേളനം നടത്തിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

### സൂര്യനെല്ലി കേസ്സിൽ തുടരന്വേഷണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 1996 ജനുവരി മാസം 1-ാം തീയതി മാൻമിസ്സിംഗിന് കേസ് എടുത്തതാണ്. ഫെബ്രുവരി മാസം 26-ാം തീയതി ഈ പെൺകുട്ടി തിരിച്ചെത്തി. ഇത്രയും ദിവസം പെൺകുട്ടി മിസ്സിംഗ് ആയിരുന്നു എന്നുള്ളതാണ് ആ കാലഘട്ടത്തിൽ കേസ്സിനാസ്പദമായ കാര്യം. ഫെബ്രുവരി 26-ാം തീയതി പെൺകുട്ടിയുടെ പിതാവ് പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. 27-2-1996-ന് ആ കേസ്സിന്റെ പ്രാഥമികാന്വേഷണം നടത്തി, അതിൽ വകുപ്പു

കൾ മാറ്റി കേസ് രജിസ്റ്റർ ചെയ്തു. 26 പ്രതികളായിരുന്നു ആദ്യ അന്വേഷ ണത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 7 പ്രതികളെ ലോക്കൽ പോലീസ് അറസ്റ്റ് ചെയ്തു. അതിനുശേഷം 1996 മാർച്ച് മാസം 18-ാം തീയതി ക്രൈംബ്രാഞ്ച് ഈ കേസ് ഏറ്റെടുത്തു. ഐ.ജി. ശ്രീ. രാജീവനെ ആ കേസ്സിന്റെ സൂപ്പർവി ഷൻ നിർവ്വഹിക്കുന്നതിനും ശ്രീ. കെ. ഇട്ടൂപ്പ് ഇൻവെസ്റ്റിഗേഷൻ ആഫീസ റായും ചുമതലപ്പെടുത്തി. 28-6-1996-ലെ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നുള്ള ഉത്തരവുപ്രകാരം ശ്രീ. സിബി മാത്യു അതിന്റെ ഇൻവെസ്റ്റിഗേഷൻ ഏറ്റെടുക്കുകയുണ്ടായി. ഇതാണ് ബ്രീഫായിട്ടുള്ള ബാക്ക്ഗ്രൗണ്ട്. 1996 മാർച്ച് മാസം ക്രൈംബ്രാഞ്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ കേസ് ഏൽപ്പി ക്കുന്നത് അന്ന് അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റാണ്. 1996 മേയ് മാസം 18-ാം തീയതി ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 25-5-1996-ൽ അന്വേഷണം ശ്രീ. സിബി മാത്യുവിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തെ ഏൽപ്പിച്ചു. ഈ സംഘം അന്വേഷണം പൂർത്തിയാക്കി, 39 പ്രതി കൾക്കെതിരെ ചാർജ് ഷീറ്റ് സമർപ്പിച്ചു. ശ്രീ. ജനാർദ്ദനക്കുറുപ്പിനെ ഈ കേസ്സിന്റെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി സർക്കാർ 29-9-1998-ൽ നിയമിച്ചു. അതിനുശേഷം ശ്രീ. സുരേഷ് ബാബു തോമസിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചു. കോട്ടയത്ത് അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി സ്ഥാപിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ശ്രീ. ശശിധരൻ നമ്പ്യാരെ സ്പെഷ്യൽ ജഡ്ജിയായി നിയമിക്കുകയും ചെയ്തു. ഇതാണ് കേസ്സിന്റെ ഒരു ഭാഗം. ഈ കേസ്സിന്റെ വിചാരണ

വേളയിൽ 35 പ്രതികളെ ശിക്ഷിച്ചുകൊണ്ടും 4 പ്രതികളെ വെറുതെവിട്ടുകൊണ്ടും വിധി പ്രസ്താവിച്ചിട്ടുണ്ട്. 2000 സെപ്റ്റംബർ 17-ന് കേസ്സിലെ പ്രധാനപ്പെട്ട പ്രൈം അക്യൂസ്ഡ് ധർമ്മരാജൻ അറസ്റ്റിലാവുകയും 2002 ജൂലൈ 13-ന് വിധി പ്രസ്താവിക്കുകയും ചെയ്തു. ഇവിടെ ഇപ്പോൾ പറഞ്ഞിട്ടുള്ള കേസ്സുകളുടെ പശ്ചാത്തലത്തിൽ 2005 ജനുവരി മാസം 20-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ധർമ്മരാജൻ ഒഴികെയുള്ള പ്രതികളെ കുറ്റക്കാരല്ലെന്നുകണ്ട് വിട്ടയച്ചു. ഈ വിധിക്കെതിരെ സർക്കാർ 29-4-2005-ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. റിട്ടേർഡ് ജസ്റ്റിസ് പത്മനാഭൻ നായരെ സുപ്രീംകോടതിയിൽ ഹാജരാകുന്നതിനായി നിയോഗിച്ചു. ഇതിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ഉണ്ടായിട്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2005-ൽ ഈ കേസ് വിട്ടയച്ച രീതിയും കാരണങ്ങളും ചൂണ്ടിക്കാട്ടി അപ്പീൽ വീണ്ടും പരിഗണിച്ച് പുതിയതായി അപ്പീൽ തീർപ്പാക്കാൻ വിധി ആയിട്ടുണ്ട്. ഈ ബാക്ക്ഗ്രൗണ്ടിലാണ് കേസ് നിൽക്കുന്നത്. ദീർഘകാലമായിട്ടുള്ള കേസ്സായതുകൊണ്ട് അപ്പീൽ വീണ്ടും പരിഗണിക്കണമെന്നാണ് പറയുന്നത്. ഈ കേസ്സിൽ ശിക്ഷിക്കപ്പെട്ടതും വെറുതെ വിട്ടതുമായ പ്രതികളാണ് അപ്പീലുമായി കോടതിയുടെ മുമ്പിൽ നിൽക്കുന്നത്. അവരെ സംബന്ധിക്കുന്ന കേസ്സുകൾ മാത്രമാണ് ഇപ്പോൾ നിലനിൽക്കുന്നത്. അതുകൊണ്ട് ഇതുപോലൊരു കാര്യം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ........(ബഹളം)...... ഞാൻ പറയട്ടെ. പിന്നീട് അദ്ദേഹം എന്തൊക്കെയാണ് സംസാരിക്കുന്നതെന്ന് എനിക്ക് ഇപ്പോൾ അറിയില്ല. എന്തെങ്കിലും ഉന്നയിക്കുകയാണെങ്കിൽ ആ സമയം ഞാൻ മറുപടി പറയാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, വളരെ ഗൗരവമുള്ള വിഷയത്തെ സംബന്ധിച്ച് പ്രതിപക്ഷത്തിന് പറയാനുള്ളത് കേൾക്കാതെ ആഭ്യന്തര വകുപ്പുമന്ത്രി നേരത്തേതന്നെ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമല്ലെന്ന് വിധിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ കേസ് കൈകാര്യം ചെയ്തത് മുഴുവൻ മുൻവിധിയോടുകൂടിയാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയിട്ടുള്ള ഈ പ്രസ്താവന. സൂര്യനെല്ലി ബലാൽസംഗ കേസ്സിൽ ഒരാൾ ഒഴികെ എല്ലാ പ്രതികളേയും വെറുതെ വിട്ട ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദാക്കിയതോടെ കേസ് സംബന്ധിച്ച് വീണ്ടും പരിശോധിക്കാനുള്ള അവസരം ലഭ്യമായിരിക്കുകയാണ്. വിചാരണ കോടതിയുടെ വിധി ചോദ്യം ചെയ്ത് 36 പ്രതികൾ സമർപ്പിച്ച അപ്പീൽ വീണ്ടും പരിഗണിക്കാനും 6 മാസത്തിനകം തീർപ്പുകൽപ്പിക്കാനും ബഹുമാനപ്പെട്ട സുപ്രീംകോടതി ഹൈക്കോടതിക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രതികളെ വെറുതെ വിട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലെ കണ്ടെത്തലുകൾ ഞെട്ടിപ്പിക്കുന്നതാണെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നത്. ഇതിൽ ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞില്ല. രണ്ട് കേസ്സുകളായിട്ടാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത്. 40 പേർ പ്രതികളായ ആദ്യത്തെ കേസ്. പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് മുഖ്യപ്രതി ധർമ്മരാജൻ മാത്രമുള്ള മറ്റൊരുകേസ്. ധർമ്മരാജൻ മാത്രമുള്ള കേസ്സിലെ തെളിവുകളാണ് ബാക്കിയുള്ള എല്ലാവരേയും വെറുതെവിടുന്നതിന് ഹൈക്കോടതി പരിഗണിച്ചത്. ഇതാണ് പ്രധാനമായ നിയമപ്രശ്നമായി സുപ്രീംകോടതി ചൂണ്ടിക്കാണിച്ചത്. മറ്റൊരു കേസ്സിലെ തെളിവുകൾ

ആദ്യ കേസ്സിൽ പരിഗണിച്ചത് സാങ്കേതികമായി തെറ്റാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ചൂണ്ടിക്കാണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദാക്കുകയും ചെയ്തു. പെൺകുട്ടിയുടെ സമ്മതമില്ലാതെയാണ് എല്ലാവരും ലൈംഗികമായി ബന്ധപ്പെട്ടതെന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രതികളെ അന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വെറുതെ വിട്ടത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുന്നിലുള്ള അപ്പീൽ പരിഗണിക്കണമെന്ന് ജനാധിപത്യ മഹിളാ അസോസിയേഷനാണ് ഇപ്പോഴത്തെ ചീഫ് ജസ്റ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഈ പ്രശ്നം ചീഫ് ജസ്റ്റിന്റെ ശ്രദ്ധയിൽപ്പെട്ടതോടുകൂടിയാണ്, ബഹുമാനപ്പെട്ട സുപ്രീംകോടതി ചീഫ് ജസ്റ്റിസ് മുൻകയ്യെടുത്ത് സ്ഥാപിച്ച സുപ്രീംകോടതിയുടെ അതിവേഗ കോടതി ഈ പ്രശ്നം പരിഹരിക്കാൻ തയ്യാറായത്. സുപ്രീംകോടതിയുടെ ഇത്തരത്തിലുള്ള നിലപാടിനെ ഞാൻ ശ്ലാഘിക്കുകയാണ്. ഹൈക്കോടതി വിധി നൂതന സൃഷ്ടിയാണെന്നാണ് രണ്ടംഗ ബഞ്ചിലെ ജസ്റ്റിസ് ശ്രീ. എ.കെ. ഭട്നായിക് പരിഹസിച്ചത്. ഇപ്പോൾ നടക്കുന്നത് ശുദ്ധീകരണ പ്രക്രിയയാണെന്നാണ് അദ്ദേഹത്തിന്റെ പരാമർശം. ശുദ്ധീകരണ പ്രക്രിയയാണെന്ന് സുപ്രീംകോടതി പറഞ്ഞ സാഹചര്യത്തിൽ അതിന് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. കേസ്സിലെ മുഖ്യപ്രതിക്ക് ധർമ്മരാജൻ എന്ന് എങ്ങനെ പേര് വന്നുവെന്നാണ് ജസ്റ്റിസ് ജനാൻസുധ മിശ്ര ചോദിച്ചത്. എന്റെ ചോദ്യമല്ല സുപ്രീംകോടതി ജഡ്ജിയുടെ ചോദ്യമാണിത്. 43 പേർക്കും പെൺകുട്ടി സമ്മതം നൽകിയെന്ന ഹൈക്കോടതിയുടെ കണ്ടെത്തൽ ഞെട്ടിപ്പിക്കുന്നതാണ് എന്ന് സുപ്രീംകോടതി രേഖപ്പെടുത്തിയിരിക്കുകയാണ്. ഈ കേസ് പരിശോധിക്കാൻ ആവശ്യ

പ്പെട്ടതോടെ ഇപ്പോൾ കേരള ഹൈക്കോടതിയിൽ രൂപീകരിച്ചിരിക്കുന്ന സ്പെഷ്യൽ ബഞ്ച് ഇത് പരിഗണിക്കാൻ പോകുകയാണ്. ആറുമാസം കൊണ്ട് ഇതിന് തീർപ്പുകൽപ്പിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലുള്ള പ്രശ്നങ്ങൾ തീർച്ചയായും ആ കോടതി പരിശോധിക്കാൻ ഇടയാകും. ഈ പ്രശ്നം ഹൈക്കോടതി പരിഗണിക്കുമ്പോൾ സർക്കാരിനുവേണ്ടി ഹാജരാകാൻ പോകുന്നത് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ദണ്ഡപാണിയാണ്. അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിലാണ് ഈ പ്രശ്നം ഇനി ഹൈക്കോടതി കൈകാര്യം ചെയ്യാൻ പോകുന്നത്. ഇതേ ദണ്ഡപാണിയാണ് ഈ പ്രതികൾക്കുവേണ്ടി നേരത്തേ ഹൈക്കോടതിയിൽ ഹാജരായിട്ടുള്ള അഭിഭാഷകൻ. അങ്ങനെയുള്ള ഒരു അഭിഭാഷകനെ ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അഡ്വക്കേറ്റ് ജനറലാക്കിയത്. ആ അഡ്വക്കേറ്റ് ജനറലിന്റെ കാർമ്മികത്വത്തിലാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഈ കേസ്സ് ഹൈക്കോടതിയിൽ പരിശോധിക്കപ്പെടാൻ പോകുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഒന്ന്, മുമ്പ് കേസ്സ് നടത്തിയതുകൊണ്ട് ഇതിൽ ഹാജരാകുന്നില്ല എന്ന് അഡ്വക്കേറ്റ് ജനറൽ തന്നെ പറഞ്ഞിരിക്കുന്നു. രണ്ട്, ക്രിമിനൽ കേസ്സുകളൊക്കെ നടത്തുന്നത് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനാണ്. ഈ കേസ്സും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായിരിക്കും നടത്തുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതിനെ ഞാൻ മുഖവിലയ്ക്കെടുക്കുന്നു. അദ്ദേഹം

പറഞ്ഞു ഈ കേസ് നടക്കുന്ന സന്ദർഭത്തിൽ ഈ കേസ്സിൽ ഹാജരാകില്ലായെന്ന്. അഡ്വക്കേറ്റ് ജനറൽ സ്ഥാനത്തുനിന്ന് മാറിനിന്നുകൊണ്ട് ഈ കേസ്സിന്റെ നടപടികൾ മുന്നോട്ടുകൊണ്ടുപോകണം. ഈ കേസ്സിന്റെ അന്വേഷണം ഹൈക്കോടതി പൂർത്തിയാക്കുന്നതുവരെ അദ്ദേഹത്തെ അഡ്വക്കേറ്റ് ജനറൽ സ്ഥാനത്തുനിന്ന് മാറ്റിനിർത്താൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? അഡ്വക്കേറ്റ് ജനറൽ ഓഫീസ് ഉപയോഗിച്ചുകൊണ്ട് ഈ പ്രതികളെ സമ്പൂർണ്ണമായി സംരക്ഷിക്കും. അതാണ് ഇവിടെ നടക്കാൻ പോകുന്നത്. സുപ്രീംകോടതിയിൽ നിന്ന് സമീപകാലത്തുണ്ടായ വിധികളുടെ അടിസ്ഥാനത്തിൽ ഇവിടെയുള്ള പ്രസക്തമായ പ്രശ്നം മാനഭംഗത്തിനിരയായ സ്ത്രീയുടെ മൊഴിക്ക് മറ്റ് സ്ഥിരീകരണങ്ങളുടെ ആവശ്യമില്ല എന്ന് സുപ്രീംകോടതി വ്യക്തമാക്കിയതാണ്. പ്രതിയെ കുറ്റവാളിയാക്കാൻ ഇരയുടെ മൊഴി മാത്രം മതി, അതിനെ സംശയത്തോടെ കാണരുതെന്നാണ് ജസ്റ്റിസ് സദാശിവം, ജസ്റ്റിസ് വി.എസ്. ചൗഹാൻ ഉൾപ്പെട്ട സുപ്രീംകോടതി ബഞ്ച് കഴിഞ്ഞ മാസം വിധിച്ചിരിക്കുന്നത്. ലൈംഗിക പീഡനത്തിനിരയായ സ്ത്രീ കുറ്റക്കാരിയല്ല, മറ്റൊരാളുടെ കാമാസക്തിയുടെ ഇരയാണ്. ശാരീരികമായും വൈകാരികമായും മുറിവേറ്റ വ്യക്തിയാണ്. ഈ പരിഗണന അവരുടെ കാര്യത്തിലുണ്ടാകണമെന്നാണ് കോടതി വ്യക്തമാക്കിയത്. ജസ്റ്റിസ് അജിത് പസ്വായത്ത്, ജസ്റ്റിസ് കപാഡിയ എന്നിവരുടെ 2006-ലെ വിധിയും ഇത്തരത്തിലുള്ളതായിരുന്നു. ഈ വിധികളെല്ലാം സൂര്യനെല്ലി കേസ്സിനുശേഷം വന്നിട്ടുള്ള വിധികളാണ്. ബലാത്സംഗം നടന്നിട്ടില്ലെന്ന് ഡോക്ടർമാർ പറഞ്ഞാലും ഇരയുടെ മൊഴി അവിശ്വസിക്കേണ്ടതില്ലെന്നാണ് ജസ്റ്റിസ് അജിത് പസ്വായത്തിന്റെ ബഞ്ച് വ്യക്തമാക്കിയത്. സുര്യനെല്ലിക്കേസ്സ് പരിഗണിക്കുന്ന സന്ദർഭത്തിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ ജുഡീഷ്യറി പരിഗണി

ക്കപ്പെട്ടില്ല. 17 വർഷം മുമ്പ് ഇരയായ സൂര്യനെല്ലി പെൺകുട്ടി അന്നുപറഞ്ഞ കാര്യം ആവർത്തിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഇപ്പോൾ കത്ത് നൽകിക്കഴിഞ്ഞിരിക്കുകയാണ്. സൂര്യനെല്ലിക്കേസ്സിലെ പെൺകുട്ടി ഈ കോടതി വിധി വന്നതിനുശേഷം പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായമാണ് നാം ഇപ്പോൾ ഇവിടെ പരിഗണിക്കേണ്ടത്. ഈ സംഭവമുണ്ടായ സന്ദർഭത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിക്ക് കൊടുത്ത അതേ പരാതിയുടെ കാര്യം തന്നെയാണ് ആവർത്തിച്ചുകൊണ്ട് ആ പെൺകുട്ടി ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിലും പറയുന്നത്. ഈ കത്ത് പൂർണ്ണമായും കേരള കൗമുദിയിൽ വായിക്കാനിടയായി. മറ്റ് പത്രങ്ങളിലും അതിന്റെ പ്രസ്കത ഭാഗം വന്നിട്ടുണ്ട്. അതിൽ പറയുന്നത് ‘കുമിളി ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ എന്നെ തടവിൽ പാർപ്പിച്ച അവസരത്തിൽ ബാജി എന്ന് പേരുള്ള ഒരാൾ എന്നെ ക്രൂരമായി പീഡിപ്പിക്കുകയുണ്ടായി. പിന്നീട് പത്രത്തിൽ കണ്ട ഒരു ഫോട്ടോയിൽനിന്ന് ബാജി എന്ന പേരിൽ പീഡിപ്പിച്ച ആൾ പി.ജെ. കുര്യൻ ആണെന്ന് മനസ്സിലായി. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻ കോടതിയിൽ ഹാജരാക്കിയ അവസാന റിപ്പോർട്ടിൽ പി.ജെ. കുര്യൻ പ്രതിയായിരുന്നില്ല. അന്ന് കേന്ദ്രമന്ത്രിയായിരുന്ന കുര്യനെ സഹായിക്കുന്നതിന് റിപ്പോർട്ടിൽ തെറ്റായ അന്വേഷണ വിവരങ്ങൾ ചേർത്ത് മന:പൂർവ്വം കുര്യനെ കേസ്സിൽ നിന്ന് ഒഴിവാക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു’. പെൺകുട്ടിയുടെ കത്താണ് ഇത്. ഈ കേസ്സിൽ പി.ജെ. കുര്യന്റെ പങ്കും തിരിച്ചറിയപ്പെടാത്ത ചില പ്രതികളെ സംബന്ധിച്ചുള്ള വിവരങ്ങളും അന്വേഷണ ഉദ്യോഗസ്ഥൻ ശരിയായ വിധത്തിൽ അന്വേഷിക്കുകയോ അവരെ പ്രതിയാക്കുകയോ ചെയ്തിട്ടില്ല. ആകയാൽ ഇത് സംബന്ധിച്ച് തുടരന്വേഷണം നടത്തേ

ണ്ടത് അത്യന്താപേക്ഷിതമാണ്. പെൺകുട്ടിയുടെ ആവശ്യം ഈ കേസ്സിൽ തുടരന്വേഷണം വേണമെന്നാണ്. 17 വർഷമായി നിലനിൽക്കുന്ന കേസ്സും ഞങ്ങൾ നേരിടുന്ന സാമൂഹികവും സാമ്പത്തികവുമായ പരാധീനതകളും എന്റെ മാതാപിതാക്കളേയും എന്നേയും രോഗിയും അവശരുമാക്കിയിരിക്കുക യാണ്. ഞങ്ങൾക്ക് വ്യക്തിപരമായി ഈ കേസ്സുമായി മുന്നോട്ടുപോകാൻ പ്രയാസമുണ്ട്. അതുകൊണ്ട് തുടരന്വേഷണത്തിനാവശ്യമായ നടപടി സ്വീകരി ക്കണം. ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുന്നിൽ, മുഖ്യമന്ത്രിയുടെ മുമ്പിൽ ആ പെൺകുട്ടി നടത്തിയിരിക്കുന്ന ഒരു ദീനരോദനമാണ് ഇത്. ഈ പെൺകുട്ടിയുടെ ദുഃഖം പരിശോധിക്കാനുള്ള ബാധ്യത ആർക്കാണ്, ഈ സമൂഹത്തിനുണ്ട്. പി.ജെ. കുര്യന്റെ പേരിൽ ആരോപണമുയർന്നുവന്നപ്പോൾ മുഖ്യമന്ത്രിതന്നെ ഇടപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന എന്നെ അത്ഭുതപ്പെടുത്തി. ഇതിൽ യാതൊരു അന്വേഷണവും നടത്താൻ ഉദ്ദേ ശിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. 17 വർഷമായി പറഞ്ഞുക്കൊണ്ടിരി ക്കുന്ന കാര്യം പെൺകുട്ടി ആവർത്തിക്കുകയാണ് ചെയ്തത് എന്ന് ബഹുമാ നപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുകയാണ്. ഹൈക്കോടതിയുടെ പരിഗണ നയ്ക്ക് സുപ്രീംകോടതി വിട്ട ഈ കേസ്സ് ഹൈക്കോടതി ചർച്ചചെയ്യാൻ പോകുന്ന ഈ സന്ദർഭത്തിൽ മുഖ്യമന്ത്രി നടത്തിയ ഈ പ്രസ്താവന നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്നതാണ്. മുഖ്യമന്ത്രി നടത്തിയ ഈ പ്രസ്താവന തുടർ കേസ്സ് നടപടികളെ പ്രഹസനമാക്കുന്ന, കേസ്സിന്റെ മെരിറ്റി ലേയ്ക്ക് കടന്നുകൊണ്ട് നടത്തിയ പ്രസ്താവനയാണ്. ഇത് നിയമ വകുപ്പിനും പ്രോസിക്യൂഷനും മുഖ്യമന്ത്രി നൽകിയിട്ടുള്ള സന്ദേശമാണ്. യാതൊരുതരത്തിലുള്ള അന്വേഷണവും നടത്താൻ ഉദ്ദേശിക്കുന്നില്ല എന്നാണ് മുഖ്യമന്ത്രി പ്രസ്താവന നടത്തിയിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: സർ, ഇതിലൊരു സന്ദേശവുമില്ലല്ലോ. ഹൈക്കോടതിയും, സുപ്രീംകോടതിയും പി.ജെ. കുര്യന് ഇതിൽ ഇൻവോൾവ്മെന്റില്ലായെന്ന് പറഞ്ഞതിനുശേഷവും ഇനി വെരിഫൈ ചെയ്ത് നോക്കണോ? വേണ്ട. അങ്ങനെവേണമെങ്കിലും ആ കുട്ടിക്ക് സുപ്രീംകോടതി യിൽ പോകാമെന്നുള്ളതേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞത് പ്രസക്തമാണ്, ഞാൻ അതിലേയ്ക്ക് വരാം. പീഡന ത്തിരയായിട്ടുള്ള പെൺകുട്ടി, പി.ജെ. കുര്യന്റെ കാര്യം 17 വർഷമായി പറഞ്ഞുക്കൊണ്ടിരിക്കുന്നതാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇത് ശ്രദ്ധിക്കണം. പി.ജെ. കുര്യനെ പ്രതി ചേർക്കാതെ വന്ന സന്ദർഭത്തിൽ പീരുമേട് കോടതിയിൽ ഈ പെൺകുട്ടി സ്വകാര്യ അന്യായം ഫയൽ ചെയ്തു. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട പി.ജെ. കുര്യൻ കോടതിയിൽ ഹാജരായി ഞാൻ നിരപരാധിയാണെന്ന് തെളിയിക്കാനുള്ള അവസരം എന്തുകൊണ്ട് ഉപയോഗിച്ചില്ല? കോടതിയിൽപ്പോയി തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനുപകരം ശ്രീ. പി.ജെ. കുര്യൻ നേരെ ഹൈക്കോടതിയി ലേയ്ക്ക് പോയി. ഹൈക്കോടതിയിൽ പോയ സന്ദർഭത്തിൽ ഹൈക്കോടതി പീരുമേട് കോടതിയുടെ നടപടി റദ്ദാക്കി. പി.ജെ കുര്യനെതിരെ കേസ്സെടുക്കു ന്നതിനുവേണ്ടിയുള്ള നടപടികൾ ഹൈക്കോടതി റദ്ദാക്കി. ഈ ഹൈക്കോടതി നടപടിക്കെതിരെ, പ്രസക്തമായ ഭാഗം ഞാൻ പറയാൻ പോകുകയാണ്, എൽ. ഡി.എഫ് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ചോദിച്ചു എന്തുകൊണ്ട് സുപ്രീംകോടതിയിൽ പോയില്ല എന്ന്. ഹൈക്കോടതി വിധിക്കെതിരെ എൽ.ഡി.എഫ്. ഗവൺമെന്റ് സുപ്രീം കോടതിയിൽ പോയി.

മി. സ്പീക്കർ: അങ്ങ് ഇപ്പോൾത്തന്നെ 14 മിനിട്ട് എടുത്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് സമയം നോക്കി സംസാരിക്കേണ്ട ഒരു പ്രശ്നമല്ല. രാജ്യത്തെ സ്ത്രീകളുടെ പ്രശ്നമാണ്. ....(ബഹളം).....

മി. സ്പീക്കർ: അങ്ങ് പ്രതിപക്ഷ ഉപനേതാവാണ്. .....(ബഹളം).... നോ.... നോ.... പ്ളീസ്..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ വിഷയവുമായി ബന്ധപ്പെടാത്ത ഒരു കാര്യവും ഞാൻ ഇവിടെ പറയില്ല.

മി. സ്പീക്കർ: അതുകൊണ്ട് അങ്ങേയ്ക്ക് 5 മണിക്കൂർ ഇവിടെ സംസാരിക്കണമെന്നു പറഞ്ഞാൽ അത് സാധ്യമാണോ? സമയത്തിന് ലിമിറ്റ് വേണ്ടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പിന്നെ എവിടെപ്പോയി പറയും; എന്നാൽ സഭ നിറുത്തി വച്ച് ചർച്ച ചെയ്യാമെന്ന് അങ്ങ് പറയണം.

മി. സ്പീക്കർ: നോ.... നോ.... അങ്ങ് പ്രതിപക്ഷ ഉപനേതാവാണ്. ഇപ്പോൾ തന്നെ 14 മിനിട്ടായി അങ്ങ് സംസാരിക്കുന്നു. അങ്ങേയ്ക്ക് സമയത്തിൽ സ്വയം നിയന്ത്രണം വേണം. അതിൽനിന്ന് നീണ്ടുപോകാൻ സാധ്യമല്ല എന്ന് എനിക്ക് പറയണ്ടെ; അത് എന്റെ ഡ്യൂട്ടിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ പ്രശ്നം ഞാൻ വൈകുന്നേരംവരെ സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്റെ പോയിന്റ് ഇവിടെ ക്ലാരിഫൈ ചെയ്യാൻ അങ്ങ് അനുവദിക്കണം.

മി. സ്പീക്കർ: ആ പോയിന്റ് ക്ലാരിഫൈ ചെയ്യുന്നതിന് സമയത്തിന് ഒരു ലക്ഷ്മണരേഖ വേണ്ടേ? അതിന് പുറകിലിരുന്നുകൊണ്ട് ആരും ബഹളമുണ്ടാക്കേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതൊരു പ്രസക്തമായ വിഷയമാണ്. ഇതൊരു നിയമ പ്രശ്നമാണ്. ഇതൊരു മൈതാന പ്രസംഗം പോലെ നടത്താൻ കഴിയുന്ന ഒന്നല്ല.

മി. സ്പീക്കർ: ഇതൊക്കെ ധാരാളം ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എവിടെ ചർച്ച ചെയ്തു? ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്തിട്ടില്ല.

മി. സ്പീക്കർ: എന്തിനാണ് വഴക്കുണ്ടാക്കുന്നത്? അങ്ങേയ്ക്ക് സംസാരിക്കാം. അതിന് പുറകിലിരുന്നുകൊണ്ട് ആരും താളമടിക്കേണ്ട കാര്യമൊന്നുമില്ല. ....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പു മന്ത്രി പറഞ്ഞതിനാണ് ഞാൻ മറുപടി പറയുന്നത്. എന്തുകൊണ്ട് സുപ്രീംകോടതിയിൽ പോയില്ല എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ പോയി. സുപ്രീംകോടതിയിൽ ഗവൺമെന്റിന് വേണ്ടി ഹാജരായത് ശ്രീ. രാജേഷ് ധവാനാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: നോ.... നോ.... അടിയന്തര പ്രമേയം അദ്ദേഹം അവതരിപ്പിച്ച് തീർന്നില്ലല്ലോ. ഇവിടെ ഇരിക്കുന്ന സീനിയേഴ്സ് ഇങ്ങനെയായൽ എങ്ങനെയാണ്. അവസാനം ഇത് ചർച്ചയായിപ്പോകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് പ്രമുഖനായിട്ടുള്ള സുപ്രീംകോടതി അഭിഭാഷകൻ അഡ്വ. രാജേഷ് ധവാനെ ഹാജരാക്കി. ആ സന്ദർഭത്തിൽ ശ്രീ. പി.ജെ. കുര്യനുവേണ്ടി സുപ്രീംകോടതി

യിൽ ഹാജരായത് അഡ്വക്കേറ്റ് അരുൺ ജെയ്റ്റ്ലിയാണ്. അദ്ദേഹം രാജ്യസഭയിലെ ബി.ജെ.പി. നേതാവാണ്. അദ്ദേഹം ഹാജരായി കേസ് വാദിച്ചു. ആ സന്ദർഭത്തിൽ ഈ കേസ് കേട്ടത് സുപ്രീംകോടതിയിലെ ജഡ്ജി ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ ആയിരുന്നു. ഈ കേസിൽ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന്റെ വിധിയിൽ പറയുന്നത്, പെൺകുട്ടിയുടെ പരാതിയിൽ സർക്കാരിന് എന്താണ് താല്പര്യം എന്നാണ്. ഇങ്ങനെ ചോദിച്ചുകൊണ്ട് സുപ്രീംകോടതി അപ്പീൽ തള്ളി. ഹൈക്കോടതി തള്ളിയതിനെതിരായി സുപ്രീംകോടതിയിൽ പോയപ്പോൾ സുപ്രീംകോടതി ചോദിച്ചത് ഈ പെൺകുട്ടിയുടെ കാര്യത്തിൽ സർക്കാരിന് എന്താണ് താല്പര്യം എന്നാണ്. അതുകൊണ്ട് സർക്കാരിന്റെ അപ്പീൽ സ്വീകാര്യമല്ല എന്നു പറഞ്ഞുകൊണ്ട് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ റിവ്യൂ പെറ്റീഷൻ തള്ളി. ഈ സന്ദർഭത്തിൽ ഇതിന് അപ്പീൽ കൊടുത്തുകൊണ്ട്, റിവ്യൂ പെറ്റീഷൻ നൽകിക്കൊണ്ട് ഈ പെൺകുട്ടി സുപ്രീംകോടതിയെ സമീപിച്ചു. പെൺകുട്ടി സുപ്രീംകോടതിയെ സമീപിച്ചപ്പോൾ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ ചോദിച്ചു, പെൺകുട്ടിക്ക് എന്താണ് ഇതിൽ കാര്യമെന്ന്. സംസ്ഥാന ഗവൺമെന്റിന്റെ അപ്പീൽ തള്ളിയതിനെ ചോദ്യം ചെയ്യാൻ പെൺകുട്ടിക്ക് എന്താണ് കാര്യമെന്ന് ചോദിച്ചുകൊണ്ട് സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ അതും തള്ളി. ഈ പ്രശ്നത്തിലാണ് ഇപ്പോൾ പരിശോധിക്കാനുള്ള അവസരമുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി പറഞ്ഞതിൽ നിന്ന് നമുക്ക് ആരംഭിക്കണം. സുപ്രീംകോടതിയിൽ കഴിഞ്ഞ ദിവസം ഉണ്ടായ വിധിപ്രകാരം ....(ബഹളം)..... അപ്പുറത്തിരിക്കുന്ന ആളുകൾ ഒച്ചയിട്ട് ഈ പ്രശ്നം ഇവിടെ സംസാരിക്കാൻ അനുവദിക്കാതിരുന്നാൽ .....(ബഹളം)......

മി. സ്പീക്കർ: ആരും ഒച്ചയിടുന്നില്ല. പ്ളീസ്.. .....(ബഹളം)......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒച്ചയല്ലേ ഈ കേൾക്കുന്നത്;

മി. സ്പീക്കർ: അങ്ങ് അസ്വസ്ഥനാകാതെ കാര്യം പറയൂ. ആരും ഒച്ച യിടുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ അസ്വസ്ഥനാകുന്നില്ല. അങ്ങും അസ്വസ്ഥനാകരുത്.

മി. സ്പീക്കർ: ഇല്ലില്ല. ഞാനെന്തിനാണ് അസ്വസ്ഥനാകുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് പലർക്കും പൊള്ളുന്ന പ്രശ്ന മായതുകൊണ്ട് അസ്വസ്ഥത ഉണ്ടാകും. ഈ പ്രശ്നങ്ങളൊക്കെ സുപ്രീംകോടതി പരിശോധിച്ചപ്പോൾ, സുപ്രീംകോടതി ഈ വിധി റദ്ദാക്കിയ സന്ദർഭത്തിൽ അന്ന് പറഞ്ഞ കാര്യം ഹൈക്കോടതി ഈ കേസ്സിലെ എല്ലാ പ്രതികളേയും വെറുതെ വിട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പെറ്റീഷൻ സ്വീകാര്യമല്ല എന്നുപറഞ്ഞുകൊണ്ടാണ് തള്ളിയത്. ആ ഹൈക്കോടതി വിധി പുനഃപരിശോധിക്കാനാണ് ഇപ്പോൾ സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുന്ന ത്. സുപ്രീംകോടതിയുടെ ഈ വിധിയുടെ പശ്ചാത്തലത്തിൽ ഈ കേസ് തുടരന്വേഷണം നടത്താനുള്ള സാധ്യത തുറന്നുകിട്ടിയിരിക്കുകയാണ്. ഹൈക്കോടതി വിധി സുപ്രീംകോടതി റദ്ദാക്കിയതോടെ ഈ പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതും തുടരന്വേഷണം നടത്താവുന്നതുമാണ്. ഇരയുടെ മൊഴിയാണ് പ്രധാനം എന്ന് ഇന്നലെ രാഷ്ട്രപതി ഒപ്പിട്ട ഓർഡിനൻസിൽ വ്യക്തമാക്കിയിരിക്കുകയാണ്. ഇരയുടെ മൊഴിക്ക് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല എന്നുള്ളതാണ് സൂര്യനെല്ലിക്കേസ്സിൽ സംഭവിച്ചിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. നമ്മുടെ

രാജ്യത്തിന് മുമ്പിലുള്ള ഒരു ചോദ്യചിഹ്നമാണിത്. ഒരു കേസിൽ പ്രതി ആരാകണമെന്ന് തീരുമാനിക്കുന്നത് സാധാരണഗതിയിൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറാണ്. ഇതിൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറാണ് അന്വേഷിച്ച് ശ്രീ. പി.ജെ. കുര്യനെ പ്രതി ചേർക്കാതിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചിലപ്പോൾ ഇടപെട്ട് പറയും ഇത് എൽ.ഡി.എഫ്. അന്വേഷിച്ചതല്ലേ, യു.ഡി.എഫ്. ഗവൺമെന്റ് അന്വേഷിച്ചതല്ലേ എന്ന്. എൽ.ഡി..എഫ്.-ന്റെ കാലത്തും യു.ഡി.എഫ്.-ന്റെ കാലത്തും അന്വേഷിച്ചിട്ടുണ്ട്. രണ്ട് ഗവൺമെന്റും അന്വേഷിച്ച സന്ദർഭത്തിൽ ശ്രീ. പി.ജെ. കുര്യനെ പ്രതി ചേർത്തിട്ടില്ല. ശ്രീ. പി.ജെ. കുര്യനെ പ്രതി ചേർക്കാത്തതുസംബന്ധിച്ച പ്രശ്നമാണ് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നത്. ആ പ്രശ്നം സുപ്രീംകോടതി പരിശോധിച്ചപ്പോൾ പറഞ്ഞത് പ്രതികളെയെല്ലാം വെറുതെ വിട്ടു, ഇനി ഇത് അന്വേഷിക്കേണ്ടതില്ല എന്നാണ്. എന്നാൽ സുപ്രീംകോടതി ഇപ്പോൾ പറയുന്നത് ഹൈക്കോടതി വിധി റദ്ദാക്കിയിരിക്കുന്നു എന്നാണ്. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറാണ് പ്രധാനമെന്ന് പറയുന്നു. ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ ടീമിലെ എസ്.പി. ആയിരുന്ന ശ്രീ. ജോഷ്വായുടെ വെളിപ്പെടുത്തൽ പുറത്തുവന്നിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ ടീമിന്റെ തലവൻ എടുത്ത നിലപാട് തെറ്റാണെന്നും അന്നുതന്നെ ഇങ്ങനെ മൊഴി ലഭിച്ചിരുന്നുവെന്നും അന്വേഷണ സംഘത്തിലെ അംഗം വ്യക്തമാക്കിയിരിക്കുകയാണ്. സംഭവ ദിവസം ശ്രീ. പി.ജെ. കുര്യൻ പോലീസ് അകമ്പടിയില്ലാതെയാണ് യാത്രചെയ്തതെന്ന് തെളിഞ്ഞിട്ടുണ്ട്. അന്ന് 5 മണിക്കുശേഷം മണിക്കൂറുകളോളം ശ്രീ. പി.ജെ. കുര്യൻ എവിടെയാണെന്നുള്ളതിന് തെളിവില്ല എന്നാണ് ശ്രീ. ജോഷ്വാ പറയുന്നത്. പെൺകുട്ടി പരാതിപ്പെട്ട മറ്റ് മുഴുവൻ പ്രതികൾക്കെതിരായുള്ള

ആരോപണം തെളിഞ്ഞ സാഹചര്യത്തിൽ ഒരാൾക്കെതിരെ മാത്രം കളവായി ആരോപണം ഉന്നയിച്ചെന്ന് വിശ്വസിക്കാനാവില്ല. ശ്രീ. പി.ജെ. കുര്യനെക്കു റിച്ച് പെൺകുട്ടി പറഞ്ഞ ലക്ഷണങ്ങൾ കൃത്യമായിരുന്നു എന്നാണ് ശ്രീ. ജോഷ്വാ വെളിപ്പെടുത്തിയിരിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ ടീമിലെ ഒരാൾതന്നെ ഇത് വെളിപ്പെടുത്തിയ സാഹചര്യത്തിൽ, വർഗ്ഗീസിന്റെ കൊലപാതകക്കേസ് അന്വേഷണംവന്നത് അതിൽ ഉൾപ്പെട്ട ശ്രീ. രാമചന്ദ്രൻ നായർ റിട്ടയർ ചെയ്തതിനുശേഷം നൽകിയ മൊഴിയുടെ അടിസ്ഥാനത്തി ലാണ്. അതുകൊണ്ട് ഈ കേസ് പുനഃരന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്ന് ഗവൺമെന്റ് വ്യക്തമാക്കണം. നിയമോപദേശം തേടും എന്നു പറഞ്ഞാൽ അഡ്വക്കേറ്റിനോട് നിയമോപദേശം തേടിയിട്ട് എന്താണ് കാര്യം? ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനാണ് കേസ് നടത്തുന്നതെന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആരാണ്? അഡ്വക്കേറ്റ് അസഫ് അലിയാണ് ഡയറ ക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ. അദ്ദേഹം കെ.പി.സി.സി. എക്സിക്യൂ ട്ടീവ് മെമ്പറാണ്. ഈ കേസിന്റെ അന്വേഷണമില്ല, 17 വർഷമായി അന്വേഷി ച്ചുകഴിഞ്ഞ കേസാണിത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ള പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീക്ഷണത്തിനെതിരായി ട്ടുള്ള ഒരു നിലപാട് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് എടുക്കാൻ സാധിക്കുമോ? ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് ആ നിലപാടെടു ക്കാൻ കഴിയില്ല. അഡ്വക്കേറ്റ് ജനറൽ പ്രതികൾക്കുവേണ്ടി ഹാജരായതു കൊണ്ട് അദ്ദേഹം അവിടെ തുടരുന്നിടത്തോളംകാലം ഈ കേസിൽ ഒരു നിലപാടും എടുക്കാൻ സാധിക്കില്ല. നേരത്തെ ഈ പെൺകുട്ടി

നൽകിയിട്ടുള്ള സ്വകാര്യ അന്യായം തള്ളിക്കളഞ്ഞത് സുപ്രീംകോടതിയാണ്. ആ സുപ്രീംകോടതിയുടെ മുമ്പിൽ ഈ പ്രത്യേക സാഹചര്യത്തിൽ സ്പെഷ്യൽ റിവ്യൂ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; സുപ്രീംകോടതിയിൽതന്നെ അന്വേഷണത്തിന് കൊടുത്ത് ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; ഇതിന് പ്രധാനപ്പെട്ട അഭിഭാഷകനെ സുപ്രീംകോടതിയിൽ ഹാജരാക്കുമോ? ഇതാണ് കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. പെൺകുട്ടിക്ക് നീതി ലഭിക്കാൻ ഈ സർക്കാർ ഇടപെടുന്നില്ല എന്ന് മാത്രമല്ല പെൺകുട്ടിയെ കള്ളക്കേസ്സിൽപ്പെടുത്തി പീഡിപ്പിച്ച ഗവൺമെന്റാണിത്. 2012 ഫെബ്രുവരി 6-ന് 18 പേരെ അറസ്റ്റ് ചെയ്ത് ജയിലിലാക്കി. ഇത്തരത്തിലുള്ള കാര്യം കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ശ്രീ. പി.ജെ. കുര്യന്റെ പങ്കാളിത്തം തെളിയിക്കാനാവശ്യമായ സാക്ഷിമൊഴികൾ 2007-ൽ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തുതന്നെ സുപ്രീംകോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതെല്ലാംതന്നെ ഇപ്പോൾ പരിശോധിക്കാൻ ലഭ്യമായിട്ടുള്ള ഈ അവസരം ഉപയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇതൊരു നിയമ പ്രശ്നമാണ്. രാജ്യമാകെ ഈ പ്രശ്നത്തെ ഉറ്റുനോക്കുകയാണ്. രാജ്യസഭയിലെ ഡെപ്യൂട്ടി ചെയർമാന്റെ പേരിലാണ് ഈ പ്രശ്നം വന്നിരിക്കുന്നത്. മുൻ കേന്ദ്രമന്ത്രിക്കെതിരായിട്ടാണ് ഈ പ്രശ്നം വന്നിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നീതി ലഭ്യമാകുന്നുണ്ട്, എല്ലാം ശരിയായിട്ടാണ് പോകുന്നത് എന്ന് സമൂഹത്തിന് മനസ്സിലാകണമെങ്കിൽ ഇതുസംബന്ധിച്ച് തുടരന്വേഷണം നടത്തണം. അവർ കുറ്റക്കാരല്ലെങ്കിൽ അത് സബംന്ധിച്ച് കോടതി തീരുമാനിക്കട്ടെ. അതിനാവശ്യമായ പശ്ചാ

ത്തലം സൃഷ്ടിക്കുന്നതിനു പകരം സഭ നിറുത്തിവച്ച് ചർച്ച ചെയ്യില്ല എന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. രാജ്യത്ത് ഒരു സ്ത്രീയുടെ പ്രശ്നം വളരെയേറെ ചർച്ച ചെയ്യപ്പെടുമ്പോൾ, സുപ്രീംകോടതി പരിശോധിച്ച കേസ്, ഇന്നലെ രാഷ്ട്രപതി ഇങ്ങനെയുള്ള പ്രശ്നത്തിൽ ഒപ്പിട്ട് ഓർഡിനൻസ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പരിശോധിക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? ഇത് സംബന്ധിച്ചുള്ള ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

**<u>അടിയന്തര പ്രമേയം</u>**

**<u>സൂര്യനെല്ലി കേസിൽ തുടരന്വേഷണം</u>**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളെക്കുറിച്ചുള്ള പരാമർശം മാത്രം ഞാൻ നടത്താം. അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ.പി. ദണ്ഡപാണിയെക്കുറിച്ച് ഒരു പരാമർശം അങ്ങിവിടെ നടത്തി. അദ്ദേഹം അഡ്വക്കേറ്റ് ജനറലാകുന്നതിനുമുമ്പ് വക്കീലായി പ്രാക്ടീസ് ചെയ്തിരുന്ന കാലത്ത്, 10-12 കൊല്ലത്തിനുമുമ്പ് ഒരു കേസിൽ കക്ഷിക്കുവേണ്ടി ഹാജരായിട്ടുണ്ട്. അദ്ദേഹത്തിന്റെ മാന്യതകൊണ്ട് അദ്ദേഹം ഈ കേസിൽ ഇടപെടുന്നില്ല എന്നുപറഞ്ഞു. അപ്പോൾ ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡി എന്നുള്ള നിലയിൽ ക്രിമിനൽ കേസ്സുകൾ നോക്കാൻ ബാധ്യതപ്പെട്ട ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസിനെ ഈ കേസിന്റെ നിയമോപദേശത്തിനുവേണ്ടി ചുമതലപ്പെടുത്തി. ഗവൺമെന്റിന് ചെയ്യാവുന്ന ഏറ്റവും നിയമപരമായ

കാര്യമതാണ്. ആ കാര്യം മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. രണ്ട് വാദഗതികളാണ് അങ്ങ് ഉന്നയിച്ചത്. അന്ന് പറഞ്ഞ കാര്യങ്ങളെക്കുറിച്ച് വീണ്ടും ഒരന്വേഷണംകൂടി നടത്തണം, ശ്രീ. എ.കെ. ആന്റണിക്ക് ഇതേ കാര്യംതന്നെ എഴുതിക്കൊടുത്തിരുന്നു, അന്നും ഈ കുട്ടി കോടതിയിൽ ഇതേ കാര്യം പറഞ്ഞു എന്നാണ് അങ്ങ് പറഞ്ഞത്. അതുതന്നെയാണ് നിയമത്തിലും പറയുന്നത്. അന്നുപറഞ്ഞ അതേകാര്യംതന്നെ അതേ രൂപത്തിൽ റീ-ഓപ്പൺ ചെയ്യാൻ ഇന്ത്യൻ നിയമസംഹിതയനുസരിച്ച് ആർക്കും അവകാശമില്ല. ആ അവകാശമില്ലാത്ത കാര്യം നമ്മൾ ഇൻവോക്ക് ചെയ്യണം ..........(ബഹളം).. ............ ഞാനൊന്ന് പറയട്ടെ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ ഞാൻ ഒരക്ഷരം മിണ്ടിയില്ലല്ലോ? ഇവിടെ ഒരു പ്രധാനപ്പെട്ട കാര്യമുള്ളത്, ഡിസ്ച്ചാർജ്ജ് പെറ്റീഷൻ തള്ളിയതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. എല്ലാവരിലും അവിശ്വാസം പറഞ്ഞു, കോടതിയിൽ ഹാജരായ അഡ്വക്കേറ്റ് ജനറലിനെക്കുറിച്ചും പ്രോസിക്യൂഷൻ ഡയറക്ടറെക്കുറിച്ചും ഹൈക്കോടതിയെക്കുറിച്ചും സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെക്കുറിച്ചും അവിശ്വാസം പറഞ്ഞു. അവിശ്വാസത്തിന്റെ നാല് ഘട്ടങ്ങളാണ് അങ്ങ് പറഞ്ഞവസാനിപ്പിച്ചത്. ഒരു വ്യക്തിയുടെ അവിശ്വാസം വച്ചാണോ നീതിന്യായത്തിന് പോകാൻ കഴിയുന്നത്? നീതിന്യായ വ്യവസ്ഥയിൽ ഇന്ത്യൻ ഭരണഘടന വിവക്ഷിക്കുന്ന രൂപത്തിലല്ലാതെ പോകാൻ കഴിയുമോ? ഒരു കേസിന്റെ വിധി വരുമ്പോൾ ഞങ്ങൾക്ക് അവിശ്വാസമാണെന്നുപറഞ്ഞാൽ ആ കേസ് നിർത്തിവയ്ക്കുവാൻ കഴിയുമോ? ഡിസ്ച്ചാർജ്ജ് പെറ്റീഷൻ തള്ളിയതിനെതിരെ ശ്രീ. പി.ജെ. കുര്യൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി വാദം കേട്ടതിനുശേഷം ഡിസ്ച്ചാർജ്ജ് പെറ്റീഷൻ അനുവദിച്ചു. അതിനെതിരെ അന്നത്തെ ഗവൺമെന്റ്, എന്നുപറഞ്ഞാൽ

അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയും തൊട്ടപ്പുറത്തുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയുമായിട്ടുള്ള ഗവൺമെന്റ്, അന്ന് സുപ്രീം കോടതിയെ സമീപിച്ചു. സുപ്രീം കോടതി 16-11-2007-ൽ വിധി പ്രഖ്യാപിച്ചു. അങ്ങ് പ്രത്യേകം ആ തീയതി ഓർക്കണം, അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി അങ്ങാണ്, മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദനാണ്. അന്ന് സുപ്രീം കോടതി ശ്രീ. പി.ജെ. കുര്യന് ഡിസ്ച്ചാർജ്ജ് അനുവദിച്ചു. എന്നിട്ട് നിങ്ങൾ എന്തുചെയ്തു? നിങ്ങൾ ഇതിനെതിരെ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു. അത് സുപ്രീംകോടതി സ്വീകരിച്ചില്ല. അതിനുശേഷം ഏഴ് കൊല്ലക്കാലമായി മിണ്ടാതിരുന്ന ആളുകളാണ് ഇവിടെ ഈ കാര്യങ്ങൾ പറയാൻ ശ്രമിക്കുന്നത്. ..........(ബഹളം).............. ഞാനൊന്ന് പറയട്ടെ, 2007 നവംബർ മാസം 11-ാം തീയതി വിധി വന്നതിനുശേഷം, ആ കാലമത്രയും അധികാരത്തിലിരുന്നിട്ടും എന്തുകൊണ്ടാണ് നടപടിയെടുക്കണമെന്ന് നിങ്ങൾക്ക് തോന്നാതെ പോയത്? ..........(ബഹളം).............. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. കാരണമെന്താണ്? നിയമം അനുസരിച്ച് ചെയ്യാൻ കഴിയില്ല .....(ബഹളം)........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയണ്ടേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാനവരെ കുറ്റപ്പെടുത്തുകയല്ല. കാരണം, നിയമമനുസരിച്ച് ചെയ്യാൻ കഴിയില്ല എന്നുള്ളതുകൊണ്ട് അവർ ചെയ്തില്ല, അത്രയേയുള്ളൂ. ഞാനവരെ കുറ്റപ്പെടുത്തുകയാണെന്ന് തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഞാനവരെ കുറ്റപ്പെടുത്തിയിട്ടില്ല.

നിയമം അനുസരിച്ച് ചെയ്യാൻ കഴിയില്ല എന്നുള്ളതുകൊണ്ട് മേൽനടപടിക്ക് പോകാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടിയന്തര പ്രമേയാവതരണത്തിന് അനുമതി ചോദിച്ചുകൊണ്ട് സംസാരിച്ചു. അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയണ്ടേ? ഇത് ശരിയല്ല......, പ്ലീസ്......... (ബഹളം)...........മന്ത്രിക്ക് എന്താണ് പറയാനുള്ളതെന്ന് കേൾക്കണം. ഇത് ശരിയല്ല. ....(ബഹളം)......... മന്ത്രി മറുപടി പറയട്ടെ. .....(ബഹളം).......... ഇതൊന്നും ജനാധിപത്യത്തിന് ചേർന്നതല്ല. മറ്റുള്ളവർ പറയുന്നത് കേൾക്കാനുള്ള ക്ഷമ വേണം. മന്ത്രിക്ക് മറുപടി പറയണ്ടേ? അദ്ദേഹം പറയുന്നത് കേൾക്കൂ. സംസ്ഥാനത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എന്താണ് പറയാനുള്ളതെന്ന് സഭയ്ക്ക് കേൾക്കണ്ടേ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് മുഴുവൻ സഭ കേട്ടു. അതിന് മറുപടി പറയേണ്ട ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. മന്ത്രി പറയുന്ന മറുപടി കേൾക്കേണ്ടെന്നുള്ള സമീപനം ശരിയല്ല. നിയമസഭാ പ്രവർത്തനം ഏകപക്ഷീയമല്ല. പരസ്പരം പറയുന്നത് കേൾക്കണം. .........(ബഹളം)............ മന്ത്രിയൊന്നും പറഞ്ഞില്ലല്ലോ. മന്ത്രി എഴുന്നേറ്റ് സംസാരിച്ച് തുടങ്ങിയതല്ലേയുള്ളൂ. ..........(ബഹളം).............. അങ്ങ് ഇരിക്കൂ.

ശ്രീ. വി.എസ്. സുനിൽ കുമാർ: ........(മൈക്ക് ഓഫ്)........ ഇത് കേരളമാണ്.

മി. സ്പീക്കർ: ഇത് കേരളമാണെന്ന് എനിക്കും അറിയാം.....(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രതിപക്ഷ നേതാവിന്റെ സീറ്റിനരികിൽ വന്നുനിന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ......(ബഹളം)........ അങ്ങ് മറുപടി പറഞ്ഞോളൂ, താത്പര്യമുള്ളവർ കേൾക്കും. ......(ബഹളം)........ ഹെഡ്ഫോൺ ഉണ്ടല്ലോ. അതിനാണ് ഹെഡ് ഫോൺ. അങ്ങ് സംസാരിക്കൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ......(ബഹളം)........ ഇവിടെ പ്രധാനപ്പെട്ട പ്രശ്നം......(ബഹളം)....... നേരത്തെ ഈ ഗവൺമെന്റ് ......(ബഹളം)........സർ, ......(ബഹളം)........16.11.2007-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നിട്ടും ഒരു കാര്യവും ഇവർ ചെയ്തില്ല; ഒരു നടപടിയും എടുത്തില്ല. എനിക്ക് അതിനെക്കുറിച്ച് ഒരൊറ്റ ചോദ്യം മാത്രമേ ചോദിക്കാനുള്ളൂ. .....(ബഹളം)........ ശ്രീ. സിബി മാത്യുവിനെ അന്വേഷണ കമ്മീഷനായി നിയോഗിച്ചതാരാണ്? ......(ബഹളം)........ ശ്രീ. സിബി മാത്യുവിനെ അന്വേഷണ കമ്മീഷനായി നിയമിച്ചത് നായനാർ ഗവൺമെന്റാണ്. ആ കമ്മീഷൻ നടത്തിയ അന്വേഷണത്തെയാണ് ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദ്യം ചെയ്യുന്നത്. ആ അന്വേഷണ കമ്മീഷനെ......(ബഹളം)........ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദ്യം ചെയ്യുകയാണ്. ......(ബഹളം)........ അവർ വച്ച അന്വേഷണ കമ്മീഷൻ, അവർ നടത്തിയ കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ജഡ്ജുമെന്റ്, ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ ജഡ്ജുമെന്റ് ......(ബഹളം)........ ഈ നാല് കാര്യത്തെയും ഇവർ ചോദ്യം ചെയ്യുകയാണ്. എന്നാൽ ഇവർ ഒരു നടപടിയും ഇതു സംബന്ധിച്ച് എടുത്തിട്ടുമില്ല. ......(ബഹളം)......... അതുകൊണ്ട് യഥാർത്ഥത്തിൽ......(ബഹളം).......സർ, ......(ബഹളം)........ ഇവിടെ നേരത്തെ പറഞ്ഞല്ലോ......(ബഹളം)....ശ്രീ. പി. ജെ. കുര്യനെതിരായി ......(ബഹളം)........ പെൺകുട്ടി നേരത്തെ പറഞ്ഞ

പ്രസ്താവനയാണ്. ആ പ്രസ്താവന കോടതിയിൽ ചർച്ച ചെയ്തതാണ്. അതുകൂടി കേട്ടതിനുശേഷമാണ് ബഹുമാനപ്പെട്ട കോടതി ഡിസ്ച്ചാർജ്ജ് പെറ്റീഷൻ കൊടുത്തത്. എല്ലാ കാര്യങ്ങളും കോടതിയിൽ ചർച്ച ചെയ്ത് കോടതി എടുത്ത തീരുമാനത്തോടൊപ്പം മാത്രമേ ഈ ഗവൺമെന്റിന് നിൽക്കാൻ കഴിയൂ. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. സമൂഹത്തിൽ തെറ്റായ ഒരു പ്രവണത ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. ......(ബഹളം)........ഇവിടെ അന്വേഷണത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ. കിളിരൂർ കേസിനെക്കുറിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു. എം.കെ ദാമോദരനെക്കുറിച്ച് അങ്ങ് തന്നെ പറഞ്ഞിട്ടില്ലേ. ......(ബഹളം)........ കവിയൂർ കേസിനെക്കുറിച്ച് അങ്ങ് സംസാരിച്ചില്ലേ? കവിയൂർ കേസിൽ ഒത്തുകളിച്ചു എന്ന് അങ്ങ് പറഞ്ഞില്ലേ? ശ്രീ. പി. ശശി ഈ കേസില്ലാതാക്കാൻ ശ്രമിച്ചുവെന്ന് അങ്ങ് പറഞ്ഞില്ലേ. ഇതൊക്കെ അങ്ങയുടെ ഗവൺമെന്റിന്റെ അന്നത്തെ കാലത്ത് നടന്നതാണ്. ഈ ഗവൺമെന്റ് നീതിയും മര്യാദയും മാത്രമേ നോക്കുകയുള്ളൂ. അത് മുഖം നോക്കാതെ കൊണ്ടുപോവുകയും ചെയ്യും. അതുകൊണ്ട് സഭാ നടപടി നിറുത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല. ......(ബഹളം)........

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. സഭ അൽപ്പസമയത്തേക്ക് നിർത്തിവയ്ക്കുന്നു.

(10.15-ന് സഭ നിർത്തിവച്ചു)

(10.13-ന് നിറുത്തി വച്ച സഭ 11.18-ന് വീണ്ടും സമ്മേളിച്ചു)

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കൽ. ബഹുമാനപ്പെട്ട ശ്രീ. വി.ഡി. സതീശൻ......(ബഹളം)........ ....... സാധാരണ ചെയ്യേണ്ടത് അടുത്ത ഐറ്റത്തിലേക്ക് കടക്കുകയാണ്. (ബഹളം)........ പ്രതിപക്ഷ നേതാവ് സീറ്റിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ഞാൻ പറയുന്നത് നിറുത്തും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ചുരുക്കം ചില വാക്കുകൾ കൂടി എനിക്ക് പറയാനുണ്ട്.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

## സൂര്യനെല്ലി കേസിൽ തുടരന്വേഷണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ചുരുക്കം ചില വാക്കുകൾ കൂടി എനിക്ക് പറയാനുണ്ട്. ഇന്ന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നടത്തിയ ദീർഘമായ വിശദീകരണം സഭ കേൾക്കുകയുണ്ടായി. പതിനേഴ് കൊല്ലമായി ആ കുട്ടി പറഞ്ഞുകൊണ്ടിരിക്കുന്നത് തന്നെ വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്, അതിനാൽ ശ്രീ. പി. ജെ. കുര്യന്റെ പ്രശ്നത്തിൽ ഇനി ചർച്ചയുടെ പ്രശ്നമേയില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആവർത്തിച്ചു വ്യക്തമാക്കിയിരിക്കുകയാണ്. ഞങ്ങളുടെ ആവശ്യം നിഷേധിച്ചിരിക്കുകയാണ്. ഇന്നലെ ഇന്ത്യൻ പ്രസിഡന്റ് ഒപ്പിട്ട, ഇന്ത്യായ്ക്കാകെ ബാധകമായ ഓർഡിനൻസിന് വിരുദ്ധമായ കാര്യങ്ങളാണ് നിങ്ങൾ രണ്ടുപേരും ചെയ്തിരിക്കുന്നത്. അത് നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കണം. ഇന്ത്യൻ പ്രസിഡന്റിന്റെ ഈ ഓർഡിൻസിനെ ചോദ്യം ചെയ്യാനുള്ള അവകാശം ഇന്ത്യൻ പൗരന്മാർക്കില്ല. നിങ്ങൾ ചെയ്തിരിക്കുന്നതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അഭിപ്രായത്തേയും ഇന്നലെ മുഖ്യമന്ത്രി പ്രകടിപ്പിച്ച അഭിപ്രായത്തേയും

അനുകൂലിച്ചാൽ മഹാനായ ശ്രീ. പ്രണാബ് കുമാർ മുഖർജിയുടെ ഈ ഓർഡിനൻസിനെ നിഷേധിച്ചുകൊണ്ട് ഞങ്ങളും കുറ്റക്കാരാവും. അതിന് ഞങ്ങൾക്ക് മനസ്സില്ല; ഞങ്ങൾക്ക് ഇഷ്ടമില്ല; ഞങ്ങളതിന് കൂട്ടുനിൽക്കാൻ തയ്യാറല്ല എന്ന കാര്യം ബഹുമാനപൂർവ്വം മുഖ്യമന്ത്രിയേയും ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും അറിയിക്കുകയാണ്. അതുകൊണ്ട് ആ ഓർഡിനൻസിന്റെ തത്വത്തിന് വിധേയമായി പ്രവർത്തിക്കാൻ നിങ്ങൾ തയ്യാറാകണം. ഇരകളുടെ അഭിപ്രായത്തിന് മുൻഗണന നൽകണം എന്നാണ് ബഹുമാനപ്പെട്ട പ്രസിഡന്റ് ഈ ഓർഡിനൻസിൽ പ്രധാനമായും പറഞ്ഞിരിക്കുന്നത്. അത് നിങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്താനാണ് ഇവിടെ സ്ത്രീ എം.എൽ.എ. മാർ അല്പം മുമ്പ് ശ്രമിച്ചത്. കുര്യൻ, കുര്യൻ, കുര്യൻ എന്ന് കേൾക്കുമ്പോൾ നിങ്ങൾക്ക് എന്താണ് ഒരു ഭാവവ്യത്യാസം?

**സൂര്യനെല്ലി കേസിൽ തുടരന്വേഷണം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു ഭാവവ്യത്യാസവുമില്ല. ഈ ഗവൺമെന്റിന്റെ നയം, ഇന്ന് ഇന്ത്യ മുഴുവൻ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നമാണ്. സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമം, ആ കാര്യത്തിൽ കുറ്റം ചെയ്തവർ ശിക്ഷയ്ക്ക് വിധേയരാകണം; നിയമത്തിന് വിധേയമാകണം യാതൊരു......... (ബഹളം)..... അവർ നിയമത്തിന്റെ മുമ്പിൽ വരണം. ഒരു അഭിപ്രായവ്യത്യാസവുമില്ല. അതുപോലെ കുറ്റം ചെയ്യാത്ത ഒരാളെ മറ്റു രീതിയിൽ ക്രൂശിക്കുന്നത് ഒരിക്കലും ശരിയല്ല. ശ്രീ. പി. ജെ. കുര്യന്റെ കാര്യത്തിൽ മാത്രമല്ല മറ്റു കേസ്സുകളിലും ആൾ കുറ്റം ചെയ്തോ ഇല്ലയോ എന്നാണ് ഗവൺമെന്റ് നോക്കേണ്ടത്, മറിച്ച് ജനങ്ങൾ പറയുന്നത് അനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കില്ല. ഇരകൾ പറയുന്നത് മൊഴിയായി എടുത്ത് കേസ്സെടുക്കണം എന്ന് ഇവിടെ അങ്ങ് പറഞ്ഞത് ശരിയാണ്. എന്റെ

കയ്യിൽ ആ കുട്ടിയുടെ രണ്ടു മൊഴികളുമുണ്ട്. 1996-ൽ ശ്രീ. എ. കെ. ആന്റണിക്ക് കൊടുത്ത പരാതിയും എനിക്ക് ഈ ശനിയാഴ്ച തന്ന പരാതിയും. രണ്ടിലും ഒരു പോലെയുള്ള കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അക്കാര്യം 1996-ൽ ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് രാജീവൻ ഐ.ജി. പരിശോധിച്ച് അതിനകത്ത് ശ്രീ. പി. ജെ. കുര്യൻ പ്രതിയല്ലെന്ന് പറഞ്ഞു. പിന്നീട് വന്ന ഇ. കെ. നായനാർ ഗവൺമെന്റ് അത് വിശ്വസിച്ചില്ല, കേസന്വേഷണത്തിനുവേണ്ടി പ്രത്യേകമായി ഒരു ടീമിനെ നിയോഗിച്ചു - ശ്രീ. സിബി മാത്യൂ വിശദമായ അന്വേഷണം നടത്തി. അതിലും ഇദ്ദേഹം കുറ്റക്കാരനായി കണ്ടില്ല. ഇതിൽ തൃപ്തിയാകാതെ കോടതിയിൽ പോയി, കോടതി വിശദമായി പരിശോധിച്ചു. ഹൈക്കോടതി ശ്രീ. പി. ജെ. കുര്യന്റെ ഡിസ്ചാർജ്ജ് പെറ്റീഷൻ അംഗീകരിച്ചു. സുപ്രീംകോടതിയും അത് അംഗീകരിച്ചു. അതിനെതിരെ സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞ് ഇവർ ഹൈക്കോടതിയിൽ പോയി. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് കൊടുത്ത് കഴിഞ്ഞപ്പോൾ സി.ബി.ഐ. അന്വേഷണം വേണം എന്നുള്ള ആവശ്യം അവർ പ്രസ്സ് ചെയ്തില്ല. എന്തുകൊണ്ട് അന്ന് സി.ബി.ഐ. അന്വേഷണത്തിന് വേണ്ടി കൊടുത്ത പെറ്റീഷൻ പ്രസ്സ് ചെയ്തില്ല? അതുകഴിഞ്ഞ് അങ്ങ് ഇവിടെ മുഖ്യമന്ത്രിയായി; എന്താണ് ഈ അഞ്ചുകൊല്ലക്കാലം അങ്ങ് ചെയ്തത്? അങ്ങ് തെറ്റ് ചെയ്തു എന്ന് പറയുന്നില്ല. പക്ഷേ ഏത് ഗവൺമെന്റിനും നിയമാനുസൃതം മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. നിയമാനുസൃതം ഇടപെടാൻ അങ്ങേയ്ക്ക് സാധിക്കില്ല എന്ന് അഡ്വൈസ് കിട്ടിയതുകൊണ്ട് അങ്ങ് ഇടപെട്ടില്ല. ഇന്നും അന്നും അതു തന്നെയാണ് സ്ഥിതി. ഈ കേസ്സിൽ മാത്രമല്ല,

കിളിരൂർ, കവിയൂർ കേസ്സുകൾ വന്നു; ഗവൺമെന്റ് സ്വീകരിച്ച സമീപനമെന്താണ്? കവിയൂർ കേസ്സിൽ ജനങ്ങൾ പറയുന്നവരെ പ്രതിയാക്കാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. ഇതൊന്നും ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഒരു കാരണവശാലും നിയമവിരുദ്ധമായി പ്രവർത്തിക്കുവാൻ സാധ്യമല്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഈ കേസ്സിൽ ആദ്യം പുനരന്വേഷണം വേണമെന്ന ഞങ്ങളുടെ ആവശ്യത്തോട് കോൺഗ്രസ്സുകാർ അനുകൂലമായ സമീപനമായിരുന്നു സ്വീകരിച്ചത്. അതിനുശേഷം നിങ്ങൾ ഭരണത്തിൽ വന്നപ്പോൾ സ്വീകരിച്ച സമീപനം, നിയമവിരുദ്ധമായ നിലയിൽ മാത്രമേ പോകാൻ നിങ്ങൾക്ക് സാധിക്കുകയുള്ളൂ എന്ന് തെളിഞ്ഞിരിക്കുകയാണ്. ഇന്ത്യൻ പ്രസിഡന്റിന്റെ ഓർഡിനൻസിനെതിരായി ....(മൈക്ക് ഓഫ്).... യാതൊരു ഉളുപ്പുമില്ലാത്ത തരത്തിൽ ....(മൈക്ക് ഓഫ്)....

മി. സ്പീക്കർ : അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. പ്രതിപക്ഷ നേതാവ് സംസാരിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നിങ്ങളുടെ വിശദീകരണം ഞങ്ങൾ അംഗീകരിക്കുന്നില്ല. നിയമവിരുദ്ധമാണ് നിങ്ങളുടെ വിശദീകരണം. നിങ്ങൾ ശ്രീ. പി. ജെ. കുര്യനെയും അതുപോലുള്ള പ്രതികളേയും രക്ഷിച്ചേ മതിയാകൂ എന്ന നിലയിൽ എത്തിയിരിക്കുകയാണ്. അതുകൊണ്ട് കൂടുതൽ ന്യായീകരണങ്ങളൊന്നും കേൾക്കാൻ ഞങ്ങൾക്ക് കഴിയില്ല. പുനരന്വേഷണം എന്ന ഞങ്ങളുടെ ആവശ്യം നിങ്ങൾ അംഗീകരിക്കാതിരിക്കുന്നിടത്തോളം ഇന്നത്തെ സഭ തുടർന്നു കൊണ്ടുപോകുവാൻ ഞങ്ങൾ ഒരു കാരണവശാലും അനുവദിക്കുകയില്ല, ഇക്കാര്യത്തിൽ ഒരു സന്ധിക്കും തയ്യാറല്ല എന്ന കാര്യം ഞങ്ങൾ അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഗവൺമെന്റ് നിലപാട് പറഞ്ഞു കഴിഞ്ഞു. അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു. (അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.) ചട്ടപ്രകാരം പ്രതിപക്ഷനേതാവ് സംസാരിച്ചു. ശ്രീ. സി. ദിവാകരൻ, അങ്ങേയ്ക്ക് സംസാരിക്കാനുണ്ടോ? ശ്രീ. മാത്യു ടി. തോമസ്, അങ്ങേയ്ക്ക് സംസാരിക്കാനുണ്ടോ? അടുത്തത് ശ്രദ്ധ ക്ഷണിക്കൽ. .....(ബഹളം).....ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദു ചെയ്യുന്നു.